ആയുഷ് ഹോളിസ്റ്റിക് കേന്ദ്രങ്ങൾ

18(*228) ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. ബെന്നി ബെഹനാൻ :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. ജോസഫ് വാഴയ്ക്കൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആയുഷ് ഹോളിസ്റ്റിക് കേന്ദ്രങ്ങൾ ആരംഭിക്കാൻ എന്തെല്ലാം കർമ്മ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട് ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് പ്രസ്തുത പദ്ധതി വഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) പ്രസ്തുത പദ്ധതി നടപ്പാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ) :

(എ) 2015-16 വർഷം കൊല്ലത്തും മലപ്പുറത്തും പുതുതായി ആയുഷ് ഹോളിസ്റ്റിക് സെന്ററുകൾ ആരംഭിച്ചു നിലവിൽ തിരുവനന്തപുരം, കൊല്ലം, എറണാകുളം, മലപ്പുറം, കോഴിക്കോട്, കണ്ണൂർ തുടങ്ങിയ ജില്ലകളിൽ ആയുഷ് ഹോളിസ്റ്റിക് കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ട്. ആയുഷ് ഹോളിസ്റ്റിക് കേന്ദ്രങ്ങളുടെ പ്രവർത്തനത്തിനായി 1,40,00,000 (ഒരു കോടി നാൽപ്പതു ലക്ഷം രൂപ) രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. 2016-17 സാമ്പത്തിക വർഷത്തിൽ വയനാട് ജില്ലയിൽ പുതുതായി ഒരു ആയുഷ് ഹോളിസ്റ്റിക് കേന്ദ്രം തുടങ്ങുന്നതിനും നിലവിലുള്ള ആറ് ആയുഷ് ഹോളിസ്റ്റിക് കേന്ദ്രങ്ങളുടെ മെച്ചപ്പെട്ട പ്രവർത്തനങ്ങൾക്കും ഹോമിയോ ഡോക്ടർ, നാച്ചുറോപ്പതി ഡോക്ടർ, യോഗ പരിശീലകൻ എന്നിവരുടെ സേവനം ലഭ്യമാക്കുന്നതിനുമുള്ള കർമ്മ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്.

(ബി) ഹോമിയോപ്പതി ചികിത്സയോടൊപ്പം പ്രകൃതി ജീവനവും ഭാരതീയ ചികിത്സാ സമ്പ്രദായങ്ങളായ ആയുർവേദവും യോഗയും സമന്വയിപ്പിച്ചുകൊണ്ട് സമൂഹത്തിൽ അധികരിച്ചു വരുന്ന ക്യാൻസർ, ഹൃദ്രോഗം, പ്രമേഹം. രക്തസമ്മർദ്ദം, ഗർഭാശയ രോഗങ്ങൾ, അന്തസ്രാവ ഗ്രന്ഥി രോഗങ്ങൾ തുടങ്ങിയ ജീവിത ശൈലീരോഗങ്ങളുടെ ചികിത്സയും പ്രതിരോധ ചികിത്സയുമാണ് ആയുഷ്

LIBRARY ARCHIVES Kerala Legislative Assembly

ഹോളിസ്റ്റിക് കേന്ദ്രങ്ങൾ എന്ന സമന്വയ സമഗ്ര ചികിത്സാ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ. ഹോമിയോപ്പതി, ആയുർവേദം, യോഗ, പ്രകൃതി ജീവന സമ്പ്രദായങ്ങളിലെ ഗുണാംശങ്ങളെ സമന്വയിപ്പിച്ചും സ്വാംശീകരിച്ചുകൊണ്ടുമുള്ള ഒരു സമഗ്ര ചികിത്സാ പദ്ധതിയാണിത്. ഇതിനായി ഹോമിയോപ്പതി, ആയുർവ്വേദം, നാച്ചുറോപ്പതി ഡോക്ടർമാരുടേയും യോഗ പരിശീലകന്റെയും സംയുക്ത സേവനം ഈ പദ്ധതിക്കായി സമഞ്ജസമായി ഉപയോഗപ്പെടുത്തുന്നു.

(സി) ഈ പദ്ധതിയുടെ സേവനം നിലവിൽ തിരുവനന്തപുരം, കൊല്ലം, എറണാകളം, മലപ്പുറം, കോഴിക്കോട്, കണ്ണൂർ ജില്ലകളിൽ ലഭ്യമാണ്. ആയുഷ് ഹോളിസ്റ്റിക് കേന്ദ്രങ്ങളുടെ പ്രവർത്തനത്തിനായി 1,40,00,000 (ഒരു കോടി നാല്പതു ലക്ഷം രൂപ) രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. 2016-17 സാമ്പത്തിക വർഷത്തിൽ വയനാട് ജില്ലയിൽ പുതുതായി ഒരു ആയുഷ് ഹോളിസ്റ്റിക് കേന്ദ്രം തുടങ്ങുന്നതിനും നിലവിലുള്ള ആറ് ആയുഷ് ഹോളിസ്റ്റിക് കേന്ദ്രങ്ങളുടെ മെച്ചപ്പെട്ട പ്രവർത്തനങ്ങൾക്കും ഹോമിയോ ഡോക്ടർ, നാച്ചുറോപ്പതി ഡോക്ടർ, യോഗ പരിശീലകൻ എന്നിവരുടെ സേവനം ലഭ്യമാക്കുന്നതിനുമുള്ള കർമ്മ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്.

ഓൺലൈൻ മരുന്ന് വ്യാപാരം

19(*229) ശ്രീ. ടി. എ. അഹമ്മദ് കബീർ :
ശ്രീ. സി. മമ്മൂട്ടി :
ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി :
ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓൺലൈൻ മരുന്ന് വ്യാപാരം അനുവദിക്കുന്ന കേന്ദ്ര ഗവൺമെന്റിന്റെ പുതിയ ഔഷധനയത്തിന്റെ വിശദ വിവരം സംസ്ഥാന സർക്കാരിന് ലഭ്യമായിട്ടുണ്ടോ ;

(ബി) എങ്കിൽ പ്രസ്തുത സൗകര്യം സമൂഹത്തിൽ ഉണ്ടാക്കാവുന്ന അനുകൂല/ പ്രതികൂല ഫലങ്ങളെക്കുറിച്ച് പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ ?

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ):

(എ&ബി) ഉണ്ട്. ഓൺലൈൻ മരുന്ന് വ്യാപാരം നിയന്ത്രണ പരിധിയിൽ കൊണ്ടുവരുന്നതിന്റെ ഭാഗമായി ഡോക്ടർ ഹർഷദീപ് കാംപ്ലെ ഐ.എസ്.എ.,

LIBRARY ARCHIVES Kerala Legislative Assembly